ഉത്തരം

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ് -III എന്ന തസ്തിക ആരോഗ്യവകുപ്പിലില്ല. സ്റ്റാഫ് നഴ്സ് ഗ്രേഡ് -II, ഗ്രേഡ് -I, ഹെഡ് നഴ്സ് എന്നീ തസ്തികകളാണുള്ളത്. ഗ്രേഡ് -II, ഗ്രേഡ്-I എന്നിവയ്ക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന അനുപാതത്തിലാണ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത്. നിലവിൽ 2:2:1 എന്ന അനുപാതത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I-ന്റെ 3007-ഉം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 3007-ഉം ഹെഡ് നഴ്സിന്റെ 1503 -ഉം തസ്തികകളും നിലവിലുണ്ട്.

(ബി) 2:2:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 53 പേർ.

(ഡി) അന്തർജില്ലാ സ്ഥലമാറ്റ വ്യവസ്ഥയിലെ നിലവിലെ ഉത്തരവുകൾ പ്രകാരം ഗ്രേഡ്-II തസ്തികയിലേയ്ക്ക് മാത്രമേ അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ.

സാന്ത്വന ചികിത്സ

29 (4832) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാന്ത്വന ചികിത്സാരംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ/ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഹോമിയോ/ആയുർവേദ ചികിത്സാരീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാന്ത്വന ചികിത്സാരംഗത്ത് രണ്ടുതരം സേവനങ്ങളാണ് ആരോഗ്യ വകുപ്പിലൂടെ നൽകിവരുന്നത്. ഭവന സന്ദർശനം നടത്തി ശയ്യാവലംബരായ രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന പ്രാഥമിക ചികിത്സ, ആശുപത്രികളിൽവച്ച് നൽകുന്ന വിദഗ്ധ ചികിത്സ എന്നീ രണ്ടുതരം സേവനങ്ങൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടന്നുവരുന്നു. ചികിത്സാരംഗത്തുവരുന്ന കാലാനുസൃതമായ നവീകരണങ്ങളും വികസനവും സാന്ത്വന ചികിത്സാ രീതിയിലും പ്രതിഫലിക്കുന്നുണ്ട്.

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥായിയായ രോഗങ്ങളാൽ കിടപ്പിലായ രോഗികൾക്കുണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾക്ക് ശമനമുണ്ടാക്കുവാൻ കഴിയുന്നു. ഇത്തരക്കാരിലുണ്ടാകുന്ന പലവിധ രോഗങ്ങൾക്കും ആയുർവേദ ഔഷധങ്ങൾ അങ്ങേയറ്റം തൃപ്തികരമാണെന്ന് രോഗികൾതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാന്ത്വന ചികിത്സയ്ക്ക് ഹോമിയോ മരുന്നുകൾ വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കുരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആഴ്ചയിൽ ഒരു ദിവസം കാൻസർ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനുംവേണ്ടിമാത്രം ആരംഭിച്ച സ്പെഷ്യൽ ക്ലിനിക്കിൽ ഒട്ടനവധി രോഗികൾ ചികിത്സ തേടി എത്തുകയും അവർക്ക് രോഗശാന്തി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കുരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആരംഭിച്ച കാൻസർ പാലിയേറ്റീവ് സ്പെഷ്യൽ ക്ലിനിക്കിൽ ചികിത്സതേടി എത്തിയ രോഗികളുടെ അഭ്രതപൂർവ്വമായ വർദ്ധനവാണ് പിന്നീട് വണ്ടൂരിൽ 10 കിടക്കകളുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങുന്നതിന് കാരണമായത്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നാദാപുരം താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

30 (4833) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly